വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, റെയ്ഡ റിൻകര ട്രെയിനിംഗ് സ്കൂളിൽ തമിഴ് അദ്ധ്യാപകർ ഇല്ല എന്നുള്ള പരാതി കിട്ടിയിരുന്നു. ബഹുമാനപ്പെട്ട വരദൻ തന്നെ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. അതിനെത്തുടർന്ന് തമിഴ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

(11) തെങ്ങിനു മരുന്നുതളിക്കാൻ നിയോഗിച്ചിരുന്ന തൊഴിലാളികൾക്കു നഷ്ടപരിഹാരം

ശ്രീ. എ. വി. താമരാക്ഷൻ: സർ, തെങ്ങുരോഗത്തിനെതിരെ മരുന്നു തളിയിൽ ഏർപ്പെട്ടിരുന്ന സ്പ്രെയിങ്ങ് തൊഴിലാളികൾ മരുന്നുതളി പൂർണ്ണമായും നിർത്തലാക്കിയതിനെത്തുടർന്ന് തൊഴിൽ രഹിതരാണ്. 1954 മുതൽ കൃഷി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള വിവിധ ഏലാകളിൽ പണിയെടുക്കുന്ന തൊഴിലാളികളാണ്. 1977 മുതൽ കൃഷിഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള സീസണൽ വർക്കേഴ്സ് എന്നുള്ള നിലയിൽ ഫെസ്റ്റിവൽ അലവൻസും ഓണം അലവൻസും അടക്കമുള്ള ആനുകൂല്യങ്ങൾ കിട്ടിയിരുന്ന തൊഴിലാളികളാണ്. 1984-ൽ ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി വിളിച്ചുകൂട്ടിയ ഒരു കോൺഫറൻസിൽ ഈ തൊഴിലാളികൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതാണെന്ന് പറഞ്ഞതാണ്. എന്നാൽ ഇതുവരെയായിട്ടും അത് കൊടുത്തിട്ടില്ല. അടിയന്തിരമായി അവർക്ക് നഷ്ടപരിഹാരം കൊടുക്കണം. ഇതൊരു ജീവകാരുണ്യപരമായ പ്രശ്നമെന്നുള്ള നിലയിൽ ഗവൺമെന്റ് കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, 10-4-1984-ൽ തെങ്ങ് രോഗത്തിന് മരുന്നു തളിക്കാൻ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ചു. പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയത് പഞ്ചായത്തു മുഖേനയാണ്. പഞ്ചായത്തുകളുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതുകൊണ്ട് 1984-ൽ ഗവൺമെന്റു ഉത്തരവ് അനുസരിച്ച് പ്രസ്തുത പദ്ധതി കൃഷിവകുപ്പുമുഖേന നടത്തുവാൻ തീരുമാനിച്ചു. ഇതനുസരിച്ച് കൃഷിക്കാർ തന്നെ നേരിട്ട് മരുന്നുതളിക്കാരെവച്ച് നടത്തേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെടുകയുണ്ടായി. ഡിപ്പാർട്ടുമെന്റു സ്പ്രെയർ ഒരുരൂപ വാടകയ്ക്ക് കൊടുത്തിരുന്നു. അതിന്റെ ഫലമായി മരുന്നുതളിയിൽ ഏർപ്പെട്ടിരുന്ന 830 തൊഴിലാളികൾ ഗവൺമെന്റിന്റെ കീഴിൽ അല്ലാതായിത്തീർന്നു. ആ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് ഗവൺമെന്റു ചർച്ച ചെയ്തു. നഷ്ടപരിഹാരം കൊടുക്കുന്ന കാര്യം ഗവൺമെന്റു യാതൊന്നും ഉദ്ദേശിച്ചിട്ടില്ല. ഡിപ്പാർട്ടുമെന്റ് അവർക്ക് ഓരോ സ്പ്രെയർ കൊടുക്കുന്നതിനെപ്പറ്റി ഗവൺമെന്റിൽ പ്രൊപ്പോസൽ അയച്ചിട്ടുണ്ട്. അത് ഗവൺമെന്റു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(12) ജോസ് മസ്ബാസ്റ്റ്യന്റെ കൊലപാതകം

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: സർ, ഒരു മദ്യവ്യവസായ തൊഴിലാളിയായിരുന്ന ജോസ് സെബാസ്റ്റ്യൻ എന്ന ചെറുപ്പക്കാരനെ കോന്നി പോലീസ് ലോക്കപ്പിലിട്ട് ഭീകരമായി മർദ്ദിച്ച് കൊലപ്പെടു

LIBRARY ARCHIVES Kerala Legislative Assembly